അറബി വിഭാഗം
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം

# കേരളവും അറബിയും



UNIVERSITY COLLEGE
THIRUVANANTHAPURAM
75 YEARS
قسم العربية
DEPARTMENT OF ARABIC
1942- 2017

## പ്ലാറ്റിനം ജൂബിലി സുവനീർ

## പ്രസ്ഥാനങ്ങളും അറബി ഭാഷയും


246 സമസ്ത കേരള ജംഇയ്യത്തുൽ ഉലമ
പിണങ്ങോട് അബൂബക്കർ
അബ്ദുസ്സമദ് കുഴിപ്പുറം

254 സമസ്ത കേരള ജംഇയ്യത്തുൽ ഉലമ (എ.പി. വിഭാഗം)
യാസർ അറഫാത്ത് നൂറാനി

262 മുജാഹിദ് പ്രസ്ഥാനങ്ങൾ
ഡോ. ജാബിർ അമാനി

267 ജമാഅത്തെ ഇസ്‌ലാമി കേരള
ഡോ.കെ. മുഹമ്മദ് പാണ്ടിക്കാട്

275 ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ
എ. ഖമറുദ്ദീൻ മൗലവി, പാങ്ങോട്

278 കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ
എൻ.കെ അബൂബക്കർ

284 കേരള അറബിക് മുൻഷീസ് അസോസിയേഷൻ
ഡോ. നിസാമുദ്ദീൻ കെ. എം. മരുത


## വ്യക്തികളും അറബി ഭാഷയും


289 ശൈഖ് സൈനുദ്ദീൻ മഖ്ദൂം II
ഡോ. കെ.കെ.എൻ. കുറുപ്പ്

297 ഖാസി മുഹമ്മദ്
മൊയ്തീൻ കുട്ടി കണ്ണിയത്ത്

302 വെളിയങ്കോട് ഉമർ ഖാസി
ഡോ. അബ്ദുൽ റഹീം എം. കെ.

308 അബൂ ലൈല മുഹമ്മദ് ബിൻ ദീനാർ
ഡോ. ഷിയാസ് കെ. പി.

311 ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി
എം. എ. റഹ്മാൻ വാഴക്കാട്

314 മമ്പുറം ഫസൽ പൂക്കോയത്തങ്ങൾ
ഡോ. വി. പി. സുഹൈബ് മൗലവി

318 കോടമ്പുഴ ബാവ മുസ്‌ലിയാർ
പി.എസ്.കെ. മൊയ്തു ബാഖവി മാടവന

324 നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ
അബ്ദുൽ അസീസ് സഖാഫി വെള്ളയൂർ

327 തിരൂരങ്ങാടി ബാപ്പു മുസ്‌ലിയാർ
ഡോ. ഫൈസൽ അഹ്സനി രണ്ടത്താണി


332 പാനൂർ ഇസ്മാഈൽ ശിഹാബുദ്ദീൻ തങ്ങൾ
ഡോ. അബ്ദുല്ലക്കോയ തങ്ങൾ

334 മുഹമ്മദ് അബുൽ കമാൽ കാടേരി
ഡോ. മുഹമ്മദ് സ്വലാഹുദ്ദീൻ വാഫി

338 മുഹമ്മദ് അമാനി മൗലവി
ഡോ. ഷാനവാസ് പറവണ്ണ

341 ഡോ. മുഹ്‌യുദ്ദീൻ ആലുവായ്
ഡോ. എ. ഷമീൽ

345 ഡോ. ഹംസ അബ്ദുല്ല മലൈബാരി
ഡോ. യൂസുഫ് മുഹമ്മദ് നദ്‌വി




# ഡോ. ഹംസ അബ്ദുല്ല മലൈബാരി

ഡോ. യൂസുഫ് മുഹമ്മദ് നദ്‌വി
അസി. പ്രൊഫസർ, അറബി വിഭാഗം, WMO കോളേജ്, മുട്ടിൽ, വയനാട്


മലയാളിയും ദുബൈ കോളേജ് ഓഫ് ഇസ്‌ലാമിക് സ്റ്റഡീസ് ആൻഡ് അറബികിലെ ഇസ്‌ലാമിക പഠന വിഭാഗം മേധാവിയുമായ ഡോ. ഹംസ അബ്ദുല്ല മലൈബാരി സമകാലിക പണ്ഡിത ലോകത്തെ സജീവ സാന്നിധ്യമാണ്. ഇസ്‌ലാമിലെ രണ്ടാം പ്രമാണമായ ഹദീസ് വിജ്ഞാനീയങ്ങളിൽ പണ്ഡിതർക്ക് വരെ സങ്കീർണമായ ഹദീസ് നിദാനശാസ്ത്രത്തിലെ നിരൂപണ പഠനങ്ങളിലൂടെയാണ് ഡോ. മലൈബാരി അറബ് ലോകത്ത് ശ്രദ്ധേയനായത്.

ഹദീസുകളുടെ പ്രാമാണികത, സ്വീകാര്യത, ഹദീസ് റിപ്പോർട്ടർമാരുടെ വിശ്വാസയോഗ്യത എന്നിവയെല്ലാം ചർച്ചചെയ്യുന്ന ഈ വിജ്ഞാന ശാഖയിൽ പുതിയ നിരൂപണ പഠനങ്ങൾ വളരെ വിരളമാണ്. ഇത്തരമൊരു മേഖലയാണ് മലൈബാരി പഠന ഗവേഷണങ്ങൾക്ക് തിരഞ്ഞെടുത്തത്. പൂർവികരുടേയും പിൽക്കാല പണ്ഡിതരുടെയും വൈജ്ഞാനിക സംഭാവനകളെ ആദരവോടെ സമീപിക്കുകയും ഈ രംഗത്ത് സൂക്ഷ്മമായ ഒരു രീതിശാസ്ത്രം വികസിപ്പിച്ചെടുക്കുകയും ചെയ്തതാണ് മലൈബാരിയെ വ്യത്യസ്തനാക്കുന്നത്.


കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിനടുത്ത പട്ടുവത്ത് 1952ൽ ജനിച്ച അദ്ദേഹം കേരളത്തിലെ വിവിധ പള്ളി ദർസുകളിലെ പഠനത്തിനു ശേഷം 1973ൽ വെല്ലൂരിലെ അൽബാഖിയാതു സ്സ്വാലിഹാത്തിൽ നിന്ന് മൗലവി ഫാദിൽ ബാഖവി ബിരുദം നേടി. 1981ൽ ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും നേടി.




വിജ്ഞാനത്തെ അതിരറ്റ് സ്നേഹിച്ച ഈ പണ്ഡിതൻ ഏത് വിഷയത്തെയും അപഗ്രഥന ബുദ്ധിയോടെ സമീപിക്കുന്ന രീതിയാണ് ചെറുപ്പം മുതലേ ശീലിച്ചത്. അനാവശ്യ സംസാരങ്ങൾക്കും പാർശ്വപ്രശ്നങ്ങളിലുള്ള വിവാദങ്ങൾക്കും അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒട്ടും സ്ഥാനമില്ലായിരുന്നു. മുഴുസമയവും വീട്ടിലും ഓഫീസിലും ഗവേഷണ നിരതനാണദ്ദേഹം. കാൽനൂറ്റാണ്ടിലധികമായി ലോക രാഷ്ട്രങ്ങളിലെ വിവിധ സർവ്വകലാശാലകളിലും മറ്റും നടക്കുന്ന ഹദീസ് സെമിനാറുകളിൽ നിറസാന്നിധ്യമായ ശൈഖ് മലൈബാരി അൽജീരിയയിലെ അമീർ അബ്ദുൽ ഖാദിർ സർവകലാശാലയിൽ അസിസ്റ്റന്റ് പ്രഫസർ (1988-93), അസോസിയേറ്റ് പ്രഫസർ (1993-1995), അൽജീരിയയിലെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇസ്ലാമിക് സ്റ്റഡീസിൽ പ്രൊഫസർ (1995-96), അമ്മാനിലെ ജോർഡൻ സർവകലാശാലാ പ്രൊഫസർ (1999-2000) എന്നീ ജോലികൾ നോക്കി. 2000 മുതൽ ദുബൈയിലെ ഇസ്ലാമിക് സ്റ്റഡീസ് ആൻഡ് അറബികിൽ ഇസ്ലാമിക് ഫാക്കൽറ്റി മേധാവിയായി സേവനമനുഷ്ഠിച്ചു വരുന്നു. ഷാർജ യൂണിവേഴ്സിറ്റി (യു.എ.ഇ), കിങ് സുഊദ് യൂണിവേഴ്സിറ്റി (റിയാദ്), കുവൈത്ത് യൂണിവേഴ്സിറ്റി (കുവൈത്ത്), ആലുൽബൈത്ത് യൂണിവേഴ്സിറ്റി (ജോർഡൻ), ഇസ്ലാമിക് യൂണിവേഴ്സിറ്റി (പലസ്തീൻ), മുഅ്ത്ത യൂണിവേഴ്സിറ്റി (ജോർഡൻ), ബൽഖ യൂണിവേഴ്സിറ്റി (ജോർഡൻ) എന്നിവിടങ്ങളിലെ ഗവേഷണ പ്രബന്ധങ്ങളുടെ മൂല്യനിർണയ ചുമതലയും വഹിക്കുന്നു.




അൽ ഹദീസുൽ മഅ്ലൂൽ - ഖവാഇദുൻ വ ദവാബിതുൻ (ദാറു ഇബ്നി ഹസം, ബൈറൂത്ത്, 1996), നദറാതുൻ ജദീദ ഫീ ഉലൂമിൽ ഹദീസ് (ബൈറൂത്ത്, 1995), അൽ മുവാസന ബൈനൽ മുതഖദ്ദിമീന വൽ മുതഅഖ്ഖിരീന ഫീ തസ്ഹീഹിൽ അഹാദീസി വ തഹ്ലീലിഹാ (കൈറോ), തസ്ഹീഹുൽ ഹദീസ് ഇൻദ ഇബ്നി സ്സലാഹ് (ബൈറൂത്ത്, 1997) അബ്ഖരിയ്യത്തുൽ ഇമാം മുസ്ലിം (ബൈറൂത്ത്, 1997), കൈഫ നദ്റുസു ഇൽമ തഖ്രീജിൽ ഹദീസി (ബൈറൂത്ത്, ജോർഡൻ 1998) ഉലൂമുൽ ഹദീസ് ഫീ ദൗഇ തത്ബീഖിൽ മുഹദ്ദി




സീൻ (ബൈറൂത്ത്), സുആലാതുൻ ഹദീസിയ്യ (ബൈറുത്ത്), അൽഹദീസുത്തഹ്ലീലിയ്യ്, അൽ ഹദീസുൽ മൗദുഇയ്യ് എന്നിവ ശൈഖ് മലൈബാരിയുടെ പ്രസിദ്ധ ഗ്രന്ഥങ്ങളാണ്. ഇവയിൽ പലതും വിവിധ യൂണിവേഴ്സിറ്റികളിൽ പാഠ്യ വിഷയങ്ങളും റഫറൻസ് ഗ്രന്ഥങ്ങളുമാണ്.

പ്രശസ്ത ഹദീസ് പണ്ഡിതരായ അല്ലാമാ നാസിറുദ്ദീൻ അൽബാനി, ശൈഖ് അബുൽ ഫത്താഹ് അൽഗുദ്ദ എന്നിവരുടെ ഹദീസ് പഠനങ്ങളെ ശൈഖ് മലൈബാരി ആദരവോടെ സമീപിക്കുമ്പോഴും അവയെ നിരൂപിക്കുകയും അവരുടെ അഭിപ്രായങ്ങളോട് വിയോജിക്കുകയും ചെയ്തിട്ടുണ്ട്.




സൗദിയിലെ സലഫി പണ്ഡിതനായ ശൈഖ് റബീഉബ്നു ഹാദി അൽ മദ്ഖലി മലൈബാരിയുടെ ഹദീസ് നിരൂപണ പഠനങ്ങളെ നിശിതമായി വിമർശിച്ച് ലേഖനങ്ങളും ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. എന്നാൽ ഈ വിമർശനങ്ങളെ ആരോഗ്യപരമായും വൈജ്ഞാനികമായും നേരിടുക മാത്രമാണ് മലൈബാരി ചെയ്തത്. വ്യക്തിഹത്യയോ, വിമർശനങ്ങളോ അദ്ദേഹത്തെ തൊട്ടുതീണ്ടിയില്ല. മദ്ഖലിയുടെ എല്ലാ വിമർശനങ്ങളുടെയും മുനയൊടിക്കുന്ന മലൈബാരിയുടെ അപഗ്രഥന ഗ്രന്ഥമാണ് മാ ഹാകദാ തൂറദു യാസഅ്ദ് അൽ ഇബ്ല എന്നത്. ഇത് പ്രസിദ്ധീകരിച്ച ശേഷം മദ്ഖലിയുടെ ഭാഗത്തു നിന്ന് വിമർശനങ്ങളൊന്നും ഉണ്ടായിട്ടില്ല.

കേരളാ യൂണിവേഴ്സിറ്റി 2012ൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച അന്താരാഷ്ട്ര ഹദീസ് സെമിനാറിൽ ഡോ. മലൈബാരിയെ ആദരിക്കുകയുണ്ടായി. കേരളത്തിലെ ഏതെങ്കിലും ഇസ്‌ലാമിക സംഘടനകളോട് പ്രത്യേക വിധേയത്വമോ വിരോധമോ പുലർത്താത്തത് കൊണ്ടായിരിക്കാം അറബ് ലോകത്ത് ഇത്രയും ശ്രദ്ധേയനായ ഈ മഹാപണ്ഡിതനെ കേരളക്കാർ അറിയാതെ പോയത്.

അറബ് ലോകത്ത് സൂഫിയായും ഇന്ത്യയിൽ സലഫിയായും തന്നെ മുദ്രകുത്തുന്നവരോട് താനൊരു മുസ്‌ലിം മാത്രമാണെന്ന് മലൈബാരി പറയാറുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ഇന്റർനെറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാൻ ലഭ്യമാണ്.

ഹദീസ് വിജ്ഞാനത്തിൽ ഡോ. ഹംസ മലൈബാരി നൽകിയ സേവനങ്ങളെ മുൻനിർത്തി പെരുമ്പിലാവ് ഹദ്ദാദ് ചാരിറ്റബ്ൾ ട്രസ്റ്റ് ഏർപ്പെടുത്തിയ 2012ലെ ഇമാം ഹദ്ദാദ് എക്സലൻസി അവാർഡ് ഡോ. ഹംസ അബ്ദുല്ല മലൈബാരിക്കായിരുന്നു.



ISBN 978-93-53613-93-8

9 789353 613938